**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2605** **02-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിൽനഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ സി ആർ മഹേഷ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ നിരവധി പേർക്ക് തൊഴിൽനഷ്ടം സംഭവിച്ച എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | എ) ഉണ്ട്. ഇതു സംബന്ധിച്ച് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (KILE) മുഖേന പഠനം നടത്തി വരുന്നു. |
| (ബി) | കോവിഡ് ലോക്ക്ഡൗൺ മൂലം തൊഴിൽനഷ്ടം സംഭവിച്ചവരുടെ പുനരധിവാസത്തിനായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ബി) ഇല്ല |
| (സി) | കോവിഡ് ലോക്ക്ഡൗൺ മൂലം തൊഴിൽനഷ്ടം സംഭവിച്ചവരുടെ വായ്പാതിരിച്ചടവ് സംബന്ധിച്ച് ബാങ്കുകളുമായി ചർച്ച നടത്തി സാവകാശം ലഭ്യമാക്കാൻ സർക്കാർ മുൻകൈ എടുക്കുമോ; വിശദമാക്കാമോ; | (സി) | സി) കോവിഡ് -19 രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെ (MSME) നിലവിലുള്ള വായ്പകൾക്ക് വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിലും വ്യക്തികളുടേയും ചെറിയ സംരംഭങ്ങളുടേയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരം താഴ്ത്താതെ തന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യങ്ങൾക്കായി ബന്ധപ്പെട്ട ബാങ്കുകളെ സമീപിക്കാവുന്നതും ബാങ്കുകൾ റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അർഹത പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതുമാണ്. ദേശീയ വാണിജ്യബാങ്കുകളിലെ വായ്പകളുടെ പലിശ നിരക്കുകൾ തീരുമാനിക്കുന്നത് റിസർവ് ബാങ്കിന്റെ |

| | | | |
|---|---|---|---|
| | | | മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അതാത് ബാങ്കുകളുടെ ഭരണസമിതിയാണ്. |
| (ഡി) | ലോക്ക്ഡൗൺ മൂലം പ്രയാസം അനുഭവിക്കുന്ന ഇതര സംസ്ഥാനത്തൊഴിലാളികളുടെ ഭക്ഷണത്തിനും താമസത്തിനും എന്തൊക്കെ ക്രമീകരണങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ;? | (ഡി) | ഡി) സംസ്ഥാനത്ത് ലോക്ക്ഡൗണിന്റെ ആരംഭത്തിൽ തന്നെ അതിഥി തൊഴിലാളികൾക്ക് ഭക്ഷണം എത്തിക്കുക എന്ന സർക്കാർ നയം തൊഴിൽ വകുപ്പ് പ്രാവർത്തികമാക്കി. ലോക്ക്ഡൗണിന്റെ ഒന്നാം ഘട്ടത്തിൽ ലേബർ ക്യാമ്പുകളിൽ താമസിക്കുന്ന അതിഥി തൊഴിലാളികൾക്കാണ് ഭക്ഷ്യ കിറ്റ് എത്തിച്ചത്. രണ്ടാം ഘട്ടമായി കോൺട്രാക്ടർമാർ, തൊഴിലുടമകൾ എന്നിവരുടെ നേരിട്ടുള്ള നിയന്ത്രണത്തിലെ താമസ സ്ഥലങ്ങളിലുള്ള അതിഥി തൊഴിലാളികൾക്കും ഭക്ഷ്യ കിറ്റ് എത്തിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ കോവിഡ് പോസിറ്റീവ് ആകുന്ന അതിഥി തൊഴിലാളികൾക്ക് ചികിത്സയും താമസവും ഒരുക്കുന്നതിനായി ഡോമിസിലറി കെയർ സെന്ററുകളും CFLTC's കളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ